# റിസര്‍വ് ബാങ്ക് ഓഫ് ഇന്‍ഡ്യ

www.rbi.org.in

ആര്‍ബിഐ/2018-19/223
ഡിസിഎം (എന്‍ ഇ) നം.3057/08.07.18/2018-19

ജൂണ്‍ 26, 2019

മാഡം / സര്‍,

## നാണയങ്ങളുടെ സ്വീകാര്യത

ഒരു ബാങ്കുശാഖയും അതിന്‍റെ കൗണ്ടറില്‍ മാറ്റിനല്‍കാനായി സമര്‍പ്പിക്കുന്ന ചെറിയ മൂല്യമുള്ള നോട്ടുകളും, നാണയങ്ങളും സ്വീകരിക്കാന്‍ വിസമ്മതിക്കരുതെന്ന് നിര്‍ദ്ദേശിക്കുന്ന, മേല്‍ സൂചിപ്പിച്ച വിഷയത്തെക്കുറിച്ചുള്ള 15.2.2018 ലെ സര്‍ക്കുലര്‍ ഡി സി എം (ആര്‍എം എം ടി) നം.2945/11.37.01/2017.18 ലേയ്ക്കും, നോട്ടുകളും, നാണയങ്ങളും മാറ്റി നല്‍കാനുള്ള സൗകര്യത്തെ സംബന്ധിച്ച 2.7.2018ലെ മാസ്റ്റര്‍ സര്‍ക്കുലര്‍ ഡി സി എം (എന്‍ ഇ) നം. ജി-208.07.18/2018-19 എന്നിവയിലേയ്ക്ക് ഞങ്ങള്‍ താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. എന്നിട്ടും, ബാങ്കുശാഖകള്‍ നാണയങ്ങള്‍ സ്വീകരിക്കാതിരിക്കുന്നതിനെ സംബന്ധിച്ച പരാതികള്‍ റിസര്‍വ് ബാങ്കിന് ലഭിച്ചു കൊണ്ടിരിക്കുകയാണ്. ഈ നടപടി പൊതുജനങ്ങള്‍ക്ക് വലിയ അസൗകര്യമുണ്ടാക്കുന്നതാണ്.

3. ആയതിനാല്‍, പൊതുജനങ്ങള്‍ ഇടപാടിനും, കൈമാറ്റം ചെയ്യാനും കൗണ്ടറുകളില്‍ സമര്‍പ്പിക്കുന്ന എല്ലാ മൂല്യത്തിലുള്ള നാണയങ്ങളും സ്വീകരിക്കണമെന്ന് ഉടനെ എല്ലാ ശാഖകള്‍ക്കും നിര്‍ദ്ദേശം നല്‍കണമെന്ന് ഒരിക്കല്‍ കൂടി അറിയിക്കുന്നു. ഇക്കാര്യം കര്‍ശനമായി പാലിക്കുമെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

വിശ്വസ്തയോടെ,

(അജിത് മിച്ച്യാരി)
ചീഫ് ജനറല്‍ മാനേജര്‍ - ഇന്‍ - ചാര്‍ജ്